# ST. JOHN'S SYRIAN H S S

## VADAKARA , OLIYAPPURAM. P .O

KOOTHATTUKULAM SUB DISTRICT

MUVATTUPUZHA DISTRICT

# SCHOOL ACADEMIC MASTER PLAN

# 2025

# ആമുഖം

പൊതുവിദ്യാലയങ്ങളെ പ്രാദേശിക സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും വിദ്യാഭ്യാസ- സാംസ്കാരിക സ്വപ്നങ്ങൾ നേടാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന കർമപരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. പൊതുവിദ്യാലയങ്ങളെ സ്നേഹിക്കുന്ന ഏതൊരാൾക്കും- ജനപ്രതിനിധികൾ, പ്രാദേശിക ഭരണകൂടങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സർഗ്ഗാത്മകമായ ഇടപെടലിലൂടെയാണ് ഈ പദ്ധതി ലക്ഷ്യം കാണുന്നത്.

പാഠ്യ-പാഠ്യാനുബന്ധ മികവ് വിദ്യാലയത്തിന്റെ മികവായി മാറ്റുന്നതിനുള്ള ഈ പദ്ധതിയ്ക്ക് സമഗ്രമായ കാഴ്ച്ചപ്പാടും കൂട്ടായ പ്രവർത്തനപദ്ധതികളും ആവശ്യമാണ്. ഗുണമേന്മാവിദ്യാഭ്യാസം ഒരുക്കുന്നതിനുള്ള ഈ പരിപാടി ദേശീയതലത്തിൽത്തന്നെ ശ്രദ്ധേയമായ വിദ്യാഭ്യാസപരിപാടിയായി മാറുക എന്നതാണ് പ്രധാന ലക്ഷ്യം.

സെന്റ് ജോൺസ് സിറിയൻ ഹയർസെക്കൻഡറി സ്കൂളിൽ മേൽ സൂചിപ്പിച്ച പ്രവർത്തന ലക്ഷ്യം നേടുന്നതിന് അധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റിന്റെയും പി ടി എ യുടെയും കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട് .

# വിദ്യാലയ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | സെന്റ് ജോൺസ് സിറിയൻ എച്ച് എസ് എസ് |
| വിലാസം | ഒലിയപ്പുറം പി. ഒ, വടകര , എറണാകുളം ജില്ല |
| ഫോൺ | 0485 2252302 |
| സ്കൂൾ കോഡ് | 28010 (H S ) , 07077 ( H S S ) |
| വിദ്യാഭ്യാസ ജില്ല | മൂവാറ്റുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | കൂത്താട്ടുകുളം |
| റവന്യൂ ജില്ല | എറണാകുളം |
| ബി. ആർ. സി | കൂത്താട്ടുകുളം |
| സി. ആർ. സി | തിരുമാറാടി |
| ഗ്രാമപഞ്ചായത്ത് | തിരുമാറാടി |
| ബ്ലോക്ക് പഞ്ചായത്ത് | പാമ്പാക്കുട |
| ജില്ല പഞ്ചായത്ത് | എറണാകുളം |
| നിയമസഭാ മണ്ഡലം | പിറവം |
| ലോകസഭാ മണ്ഡലം | കോട്ടയം |
| താലൂക്ക് | മൂവാറ്റുപുഴ |
| ഇ- മെയിൽ | 28010stjohns@gmail.com ( H S )<br>st johnsvadakara@gmail.com ( H S S ) |

# വിദ്യാലയ ചരിത്രം

വിദ്യാഭ്യാസരംഗത്ത് പഠനസൗകര്യമില്ലാത്ത കാലത്ത് നാനാജാതി മതസ്ഥരുടെ സഹകരണത്തോടെ ഔഗേൻ മാർ തിമോത്തിയോസ് 1918-ൽ സ്ഥാപിച്ചതാണ് വടകര സെന്റ്. ജോൺസ് സിറിയൻ എച്ച്.എസ്. വടകര പള്ളിയുടെ സമീപത്തായി പ്രവർത്തനമാരംഭിച്ച സ്കൂൾ പിന്നീട് 8 ഏക്കറോളം വരുന്ന തേൻകുളത്തിൽമല എന്ന ഇപ്പോൾ സ്ഥിതിചെയ്യുന്ന കുന്നിൻമുകളിൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.

തേൻകുളത്തിൽമല എന്നറിയപ്പെട്ടിരുന്ന പ്രസ്തുത സ്ഥലത്ത് ആരംഭിച്ച ഈ സ്ക്കൂളിൽ ഫാദർ സി.എസ്. സ്കറിയ പ്രഥമ ഹെഡ്മാസ്റ്ററായി.കേരളത്തിൽ ആദ്യമായി സ്കൂളിൽ പൂർവ്വ വിദ്യാർത്ഥി സംഘടന നിലനിർത്തുന്നതിന് Rolling Shield ഏർപ്പെടുത്തി. ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചത് പ്രസ്തുത ഹെഡ്മാസ്റ്ററുടെ കാലത്താണ്. കൂത്താട്ടുകുളം, പാലക്കുഴ, മാറാടി, പിറവം, കോലഞ്ചേരി, മുളക്കുളം, രാമപുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും ഈ സ്ക്കൂളിലേയ്ക്ക് വിദ്യാർത്ഥികൾ കാൽനടയായി പോലും വന്ന് പഠിച്ചിരുന്നു. ഇന്ത്യയുടെ മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ, നാടക സാഹിത്യ ലോകത്തെ ആചാര്യൻ, സി.ജെ.തോമസ്, മുൻമന്ത്രിമാരായിരുന്ന കെ റ്റി..ജേക്കബ്ബ്, ടി എം ജേക്കബ് അന്താരാഷ്ട്ര നീതിന്യായ കോടതിയിലെ ന്യായാധിപനായിരുന്ന എ.റ്റി.മർക്കോസ്, മുൻ എം.എൽ.എ. എം.ജെ. ജേക്കബ്ബ് തുടങ്ങിയവർ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ പ്രമുഖരാണ്. ഇംഗ്ലീഷ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടതിനുശേഷം നടന്ന സ്ക്കൂൾ ഫൈനൽ പരീക്ഷയിൽ ഉന്നത വിജയങ്ങൾ സ്കൂളിൽ നേടാനായതും മദിരാശിക്കാരനായ ഇൻസ്പെക്ടർശ്രീ.രാമകൃഷ്ണണകുക്കലിയാർ, മദിരാശി സംസ്ഥാനത്തെ സ്ക്കൂളുകളിലെ പ്രവർത്തനമികവിന് ഈ സ്ക്കൂളിന് ഉന്നത സമ്മാനം നൽകിയതായും രേഖകളിലുണ്ട്. നിരവധി അദ്ധ്യാപകശ്രേഷ്ഠരുടെ ശ്രമഫലമായി നിലവാരം കാത്തുസൂക്ഷിച്ചുകൊണ്ടുവന്ന ഈ വിദ്യാലയം 21-ാം നൂറ്റാണ്ടിലും 100% വിജയങ്ങളും നിരവധി പുരസ്കാരങ്ങളും നേടി വരുന്നു. 2025-2026 ഈ വിദ്യാലയത്തെ സംബന്ധിച്ച് ഒരു ചരിത്രയാത്രയാണ്. അടുത്ത തലമുറയെ ആധുനികകാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് അക്കാദമികവും ഭൗതികവുമായ മാറ്റത്തിന് തയ്യാറെടുക്കേണ്ടതുണ്ട് . ആ മാറ്റങ്ങളാണ് അടുത്ത തലമുറയ്ക്ക് വായിച്ചറിയേണ്ട ചരിത്രങ്ങൾ

## മുൻ പ്രധാനാധ്യാപകർ

| | | | | |
|---|---|---|---|---|
| Fr. C.S.Scaria | - | 1918 | - | 16.03.1956 |
| Fr.C.M.Thomas | - | 19.03.1956 | - | 31.03.1964 |
| Sri.P.C.John | - | 01.04.1964 | - | 31.03.1977 |
| Sri.K.C.Paily | - | 01.04.1977 | - | 30.04.1978 |
| Sri.T.J. Mani | - | 01.05.1978 | - | 31.03.1985 |
| Sri.M.P.Paulose | - | 01.04.1985 | - | 31.03.1995 |
| Smt. V.A.Leelamma | - | 01.04.1995 | - | 08.05.1997 |
| Smt.P.V.Soosy | - | 09.05.1997 | - | 31.05.1998 |
| Smt. Leela Avirachan | - | 01.06.1998 | - | 31.03.2001 |
| Sri.T.A.Jose | - | 01.04.2001 | - | 30.04.2007 |

## കുട്ടികളുടെ എണ്ണം

| Year | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|
| 2025-26 | 20 | 32 | 39 | 98 | 110 | 80 | 379 |

2. ## ലൈബ്രറി പ്രവർത്തനങ്ങൾ

ഉദ്ദേശ്യങ്ങൾ

കുട്ടികളുടേയും, അമ്മമാരുടേയും അധ്യാപകരുടേയും വായന മെച്ചപ്പെടുത്തു ന്നതിനും സ്വതന്ത്രരചനയെ പ്രോത്സാഹിപ്പിക്കുന്നതിനും.

| പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|
| കുട്ടികൾക്കും അമ്മമാർക്കും അധ്യാപകർക്കും പുസ്തകം വിതരണം ചെയ്യണം. വായന ക്കുറിപുകൾ തയ്യാറാക്കണം | ജൂൺ- മാർച്ച് | അധ്യാപകർ പി.റ്റി.എ |

3. ## DINING ROOM

ഉദ്ദേശ്യങ്ങൾ

കുട്ടികളെ വൃത്തിയും വെടിപ്പുമുള്ള സ്ഥലത്തിരുത്തി ഭക്ഷണം നൽകുക. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുക.

| പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|
| SSA യുടെ സഹായത്തോ ടെ കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴി ക്കാനായി ഒരു Dining room ഉണ്ടാക്കുക | | SSA PTA |

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾക്ക് അയൽ പക്ക ലൈബ്രറിയിൽ അംഗത്വം എടുപ്പിക്കുക ആഴ്ചയിൽ ഒരു ദിവസം കുട്ടികളെ കൊണ്ടുപോകുക. പുസ്തകങ്ങൾ എടുക്കുക. വായനാക്കുറിപ്പ് തയ്യാറാക്കുക. | ജൂൺ മാർച്ച് | PTA അധ്യാപകർ രക്ഷകർത്താവ് | |

7. ## ക്ലബുകളുടേയും സന്നദ്ധ സംഘടനകളുടേയും സേവനം

സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ പ്രവർത്തനങ്ങളിൽ ക്ലബുകളുടേയും സന്നദ്ധ സംഘടനകളുടേയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കൂളിന്റെ ഭൗതികമായ വികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും ക്ലബുകളേയും സന്നദ്ധ സംഘടനകളേയും പങ്കെടുപ്പിക്കുക. | ജൂൺ മാർച്ച് | SSA അധ്യാപകർ PTA | ക്ലബുകൾ |

## ഭൗതിക സാഹചര്യം

1. ശിശു സൗഹൃദക്ലാസ്, സ്മാർട്ട് റൂം

പഠനത്തിൽ താല്പര്യമുണർത്തുന്നതിന് ക്ലാസ് മുറികൾ ശിശു സൗഹൃദമാകേണ്ടതുണ്ട്. നവീനമായ പഠന സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനും ഭിന്നശേഷിയുള്ളവർക്കും വളരെ യധികം പ്രയോജനമാണ്.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ് റൂം | റൂം ഉണ്ടാക്കി ടൈൽസ് വിരിച്ച് ആവശ്യമായ കമ്പ്യൂട്ടർ ഐ.സി.ടി സൗകര്യങ്ങൾ ഒരുക്കുക | 2015-16 | HM,PTA | SSA പഞ്ചായത്ത് |

## സാമൂഹിക പങ്കാളിത്തം

### 1.എസ്.എം.സി/പി.റ്റി.എ ശാക്തീകരണം

ഉദ്ദേശ്യങ്ങൾ

സ്കൂളിന്റെ അക്കാദമിക ഭൗതിക സാമൂഹ്യ മേഖലകളിൽ സഹായം ലഭ്യമാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ചുമതലകൾ വിഭജിച്ച് നല്കി സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. ചുമതലകളെക്കുറിച്ച് ബോധവാന്മാരാകുക. | ജൂൺ-മാർച്ച് | SSA | SSA |

### 2. ദിനാചരണങ്ങൾ സ്കൂളിന് പുറത്തേക്ക്

ഉദ്ദേശ്യങ്ങൾ

ദിനങ്ങളുടെ പ്രധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന്, ദിനാചരണങ്ങളുടെ ലക്ഷ്യം സമൂഹത്തിലെത്തിക്കുന്നതിന്.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ മാസവും വരുന്ന ദിനാചരങ്ങൾ ലിസ്റ്റ് ചെയ്യുന്നു.സാമൂഹ്യ പിന്തുണയും ജനപ്രതിനിധികളുടെ പിന്തുണയും ഉറപ്പാക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ എസ്.എസ്.ജി | ക്ലബുകൾ പി.റ്റി.എ |

### 3. ഉദ്ദേശ്യങ്ങൾ

കുട്ടികളുടെ വീട് സന്ദർശിച്ച് കുടുംബാന്തരീഷം അറിയുന്നതിന്, കുട്ടികളുടെ പഠന കാര്യങ്ങൾ ചർച്ചചെയ്യുന്നതിന്.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഗൃഹ സന്ദർശനം നടത്തി കുടുംബാന്തരീഷം അറിയുക. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു. പഠന സൗകര്യങ്ങൾ പഠന നിലവാരം ഇവയെക്കുറിച്ച് ചർച്ച. | ജൂൺ മാർച്ച് | അധ്യാപകർ PTA | PTA അധ്യാപകർ |

4. ## ബോധവൽക്കരണ ക്ലാസുകൾ

ഉദ്ദേശങ്ങൾ:

രക്ഷിതാക്കൾ, കുട്ടികൾ ഇവർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. നല്ല രക്ഷിതാവാകാശം നല്ല കുട്ടിയാവാനും ലക്ഷ്യമിടുന്നു.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക് ബോധവൽക്കരണ ക്ലാസുകൾ ക്ലബുകൾ, BRCസന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു. | ജൂലൈ ജനുവരി | BRC , അധ്യാപകർ | SSA ക്ലബുകൾ |

5. ## ക്ലാസ് PTA

ഉദ്ദേശ്യങ്ങൾ

കുട്ടികളുടെ പഠനനേട്ടം, നിലവാരം എന്നിവ രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നതിനും കുട്ടികളുടെ പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| മാസത്തിൽ ഒരിക്കൽ PTA ചേരുന്നു. കുട്ടികളുടെ പഠന പ്രശ്നങ്ങൾ ഇവ ചർച്ച ചെയ്യുന്നു. പരിഹാരിക്കുകയും പങ്കു വയ്ക്കുകയും ചെയ്യും. | ജൂൺ മാർച്ച് | അധ്യാപകർ BRC | |

6. ## അയൽപക്ക ലൈബ്രറി

ഉദ്ദേശ്യങ്ങൾ

കുട്ടികളിൽ വായനാശീലം വളർത്തുക. വിദ്യാഭ്യാസത്തിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക.

# MALAYALAM

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾക്കു നൽകി നല്ല വായനക്കാരെ കണ്ടെത്തി ആദരിക്കൽ | ലൈബ്രറി പുസ്തകങ്ങളിലൂടെ പഠന പരിശീലനം | ഒരു വർഷം | ഭാഷാധ്യാപകർ | 5000/- P.T.A. , Alumnees |
| 2. പ്രകൃതിദത്ത പാനീയങ്ങളുടെ നിർമ്മാണവും പരിശീലനവും, പലഹാരങ്ങൾ തുടങ്ങിയവ ഉണ്ടാക്കുന്നതിനുള്ള അിറവ് നേടിയെടുക്കൽ | കുട്ടികൾക്ക് കേരളീയ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടാനുള്ള അവസരം ഒരുക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | P.T.A.S.R.G. | - |
| 3. കൈയെഴുത്തു മാസിക പ്രസിദ്ധീകരണം | കുട്ടികളുടെ സർഗാത്മകശേഷിയെ പോഷിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഭാഷാധ്യാപകർ, P.T.A. | 200/- |
| 4. വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | കാർഷിക സംസ്കൃതിയെ തിരിച്ചറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. | - |
| 5. എന്റെ ലൈബ്രറി പദ്ധതിയിലേയ്ക്ക് വായനാർഹമായ പുസ്തകങ്ങളുടെ ശേഖരണം കുട്ടികൾ ജന്മദിനത്തിൽ ഓരോ പുസ്തകം വീതം ക്ലാസിലെ വായനാമൂലയിലേയ്ക്ക് സംഭാവന ചെയ്യുന്നു. | കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടുവാനും വായനാലോകത്തേയ്ക്ക് എത്തിക്കുവാനുമുള്ള തയ്യാറെടുപ്പ് | ഒരു വർഷം | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | - |
| 6. ജൂൺ മുതൽ മാർച്ചുവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാകുക | ദിനങ്ങളിൽ | എസ്.ആർ.ജി. | - |
| 7. ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ രൂപീകരിക്കൽ | കുട്ടികളുടെ നേതൃത്വപരമായ ഗുണങ്ങൾ കണ്ടെത്തി മെച്ചപ്പെടുത്തൽ | രണ്ടു വർഷം | ക്ലാസ്സ് ടീച്ചർ | - |

| | | | | |
|---|---|---|---|---|
| | തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | | | |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | | 10000/-<br>SSG |

## HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ് | |
| ഭാഷയിൽ അറിവു നേടൽ | ഹിന്ദിയിൽ അവനവനെക്കുറിച്ച് എഴുതി വായിക്കുക, ഹിന്ദിയിൽ ചർച്ചകൾ നടത്തുക | രണ്ട് മാസം കൂടുമ്പോൾ | ഹിന്ദി ക്ലബ് | |
| സംസാര ശൈലി വർദ്ധിപ്പിക്കാൻ | സ്പോക്കൺ ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കുക | ആഴ്ചയിലെ ആദ്യത്തെ ദിവസം | ഹിന്ദി അധ്യാപകൻ | |

- ലൈബ്രറിയിൽ ഹിന്ദി സർഗാത്മക പുസ്തകങ്ങൾ കൂടുതലായി ഉൾപ്പെടുത്തുക.
- മാധ്യമപഠനം സാധ്യമാക്കുന്ന സൈബർ മാധ്യമങ്ങളെക്കൂടി ഹിന്ദി ഭാഷയിൽ കുട്ടികൾക്ക് പരിചയപ്പെടുത്താനുതകുന്ന ഭാഷാ ലാബ് ക്രമീകരിക്കുക.
- സിനിമ , നാടകം ഇവ പഠിപ്പിക്കാനുതാകുന്ന audio visual aids സെറ്റുചെയ്തിട്ടുള്ള സ്ഥിരമായ സെമിനാർ ഹാൾ.
- ദ്വിഭാഷാ പഠനം സുതാര്യമാക്കുന്ന ഭാഷാലാബ്.

## SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | പഠനയാത്രകൾ, മാഗസിനുകൾ, ചരിത്ര പഠനം, പ്രാദേശിക ചരിത്ര നിർമാണം | പ്രതിമാസം | സോഷ്യൽ സയൻസ് ക്ലബ് | 3000 |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസം പരിപാടി | ഇംഗ്ലീഷ് ക്ലബ് | |
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്ന കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസം പരിപാടി | ഇംഗ്ലീഷ് ക്ലബ് | |
| തത്സമയ വിവർത്തന പാടവം നേടാൻ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസം പരിപാടി | ഇംഗ്ലീഷ് ക്ലബ് | |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സ്. | പ്രതിവർഷം പത്ത് ഇംഗ്ലീഷ് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | |
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ, ആശയം ചോർന്ന് പോകാതെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പുസ്തകം | ക്ലാസ്സ് ടീച്ചർ | |

## BIOLOGY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | ഒരു വർഷത്തിൽ ഒരു പ്രാവശ്യം | S R G<br>S S G | 5000/-<br>കൃഷി വകുപ്പ് |
| ആരോഗ്യമുള്ള സമൂഹത്തെ വീണ്ടെടുക്കൽ | വർഷത്തിൽ ഒരിക്കൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്ന് | H M<br>P T A | 10000/- |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒന്ന് | Science Club | 10000/-<br>CSR Fund |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ, മുറ്റം, ഉയരം കൂട്ടി ടെറസ്സ് വർക്ക് ചെയ്യൽ | രണ്ട് വർഷം | P T A<br>LSGD | 65<br>MLA Fund |
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | PTA<br>LSGD | 5 ലക്ഷം |
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ടറി, ബയോളജി എന്നിങ്ങനെ ഇനം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

## കായികം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂൾതലത്തിൽ കായിക പരിശീലനം | കായികരംഗം മെച്ചപ്പെടുത്തൽ | 5 വർഷം | കായികാദ്ധ്യാപകൻ | 50,000 |
| 2. കായികോപകരണങ്ങൾ വാങ്ങി നൽകൽ | | | | |

## ജൈവവൈവിധ്യപാർക്ക്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 2 ഏക്കർ സ്ഥലത്ത് ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം - തുടർപ്രവർത്തനങ്ങൾ | മെച്ചപ്പെട്ട പരിസ്ഥിതി പരിപാലനം | 3 വർഷം | നേച്ചർ ക്ലബ്/പി. റ്റി. എ | 30,00,00 |

## ചുറ്റുമതിൽ

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂൾ ചുറ്റുമതിൽ നിർമ്മാണം | സുരക്ഷിത സ്കൂൾ ക്യാമ്പസ് | 1 വർഷം | പി. റ്റി. എ | 10 ലക്ഷം (ജനപ്രതിനിധികൾ, MLA, MP, സന്നദ്ധ സേവനം |

## യു. പി. കുട്ടികൾക്ക് പാർക്ക്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂളിന്റെ പ്രധാന മന്ദിരത്തിന് മുൻവശം കിഡ്സ് പാർക്ക് നിർമ്മാണം | ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | 2 വർഷം | പി. റ്റി. എ | 2 ലക്ഷം |

## സ്കൂൾ വാഹന ഷെഡ്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എച്ച്.എസ്. ബിൽഡിംഗിനു സമീപം വാഹനഷെഡ് നിർമ്മിക്കൽ | സുരക്ഷിത വാഹന പാർക്കിംഗ് | 1 വർഷം | പി.റ്റി.എ/മാനേജ്മെന്റ് | 2 ലക്ഷം |

## ആധുനിക സ്മാർട്ട് ക്ലാസ്സ് റൂം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് മുറികൾ ഡിജിറ്റൽ തലത്തിലേയ്ക്ക് ഉയർത്തൽ | ആധുനിക പഠന സംവിധാനം തയ്യാറാക്കൽ | 1 വർഷം | പി.റ്റി.എ/മാനേജ്മെന്റ് | 20 ലക്ഷം |

## പുസ്തക സമാഹരണം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ, പൂർവ്വാധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ ഇവരടങ്ങുന്ന സംഘം പുസ്തകങ്ങൾ | ലൈബ്രറി ഗ്രന്ഥശേഖരം വർദ്ധിപ്പിക്കുക വായനയുടെ സന്ദേശം വളർത്തുക | 1 വർഷം | വിദ്യാർത്ഥി, സ്റ്റാഫ് | 2000 |

## മെച്ചപ്പെട്ട ഉച്ചഭക്ഷണം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കീടനാശിനിരഹിത പോഷക സമൃദ്ധഭക്ഷണം കുട്ടികൾക്ക് നൽകൽ | കുട്ടികളുടെ ആരോഗ്യം നടപ്പാക്കുക | 1 വർഷം | ഉച്ചഭക്ഷണ കമ്മിറ്റി | 10,00,00 |

## മികവുകൾ, നേട്ടങ്ങൾ/ നടപ്പുവർഷം/മുൻവർഷം

1. 2003 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം
2. എസ്.പി.സി.കേഡറ്റുകൾ എസ്.എസ്.എൽ.സിയ്ക്ക് ഫുൾ നേടിയത് ജില്ലയിൽ ഒന്നാമതും സ്റ്റേറ്റിൽ 3-ാം സ്ഥാനവും
3. പഠനയാത്രകൾ
4. ലഹരി നിർമ്മാർജ്ജന ബോധവത്ക്കരണപരിപാടി
5. 5 മുതൽ +2 തലം വരെ രക്ഷിതാക്കൾക്കുള്ള യോഗങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും
6. ദിനാചരണങ്ങൾ - വയോജനദിനാചരണം, വയോജനങ്ങളെ ആദരിക്കൽ
7. യു.പി. തലത്തിൽ മികവ് പ്രദർശനം
8. ശതാബ്ദി വർഷത്തിൽ ശതം കൈയ്യെഴുത്തു മാസിക യു.പി.തലത്തിൽ കുട്ടികൾ തയ്യാറാക്കൽ
9. മാതൃക പി. റ്റി. എ പ്രവർത്തനങ്ങൾ
10. സംസ്ഥാനത്തു തന്നെ മികച്ച ജൈവവൈവിധ്യ ഉദ്യാനം, മനോരമ A+ പുരസ്കാരം, മാതൃഭൂമി സീഡ് പുരസ്കാരം, PAT പുരസ്കാരം
11. മികവ് പഠനപരിശീലന ക്ലാസ്സുകൾ - USS, NMMS, KNOWLEDGE HUNT ട്രയിനിങ്ങുകൾ
12. ST. JOHN'S കായിക അക്കാദമി - സ്പോർട്സ് പരിശീലനങ്ങൾ
13. സയൻസ്, ഗണിത പരിശീലനങ്ങൾ ലാബ് പ്രവർത്തനങ്ങൾ
14. കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്, ഹിന്ദി, വിദ്യാരംഗം പ്രോഗ്രാമുകൾ
15. IT അധിഷ്ഠിത ലാബ് പ്രവർത്തനങ്ങൾ, സൗഹൃദ ക്ലബ്, ASAP, സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

## മോണിറ്ററിംഗ്

1. സ്കൂൾതല മോണിട്ടറിംഗ് സമിതി രൂപീകരിക്കുന്നു
2. ദൈനംദിന മോണിട്ടറിംഗിൽ എച്ച് എം./പ്രിൻസിപ്പൽ തെരഞ്ഞെടുത്ത അധ്യാപകർ ഇവർ പങ്കെടുക്കണം.

## ഉപസംഹാരം

പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്നത് പൊതുസമൂഹത്തിന്റെ സംരക്ഷണം, നാടിൻ നന്മയ്ക്ക് വിദ്യാഭ്യാസം, പ്രാചീന സംസ്കൃതിയെ കണ്ടെത്തി സംരക്ഷിക്കുക, നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുക എന്നതുകൂടിയാണ്. നാടിന്റെ പൈതൃകവും, സംസ്കാരവും, പാരമ്പര്യവും സംരക്ഷിക്കേണ്ടത് മൂല്യങ്ങൾ പുലർത്തുന്ന ഏതൊരാളുടെയും കർത്തവ്യമാണ്. വിദ്യാഭ്യാസ കച്ചവടങ്ങൾക്കപ്പുറം മാനവികതലത്തിലേയ്ക്ക് സമൂഹത്തെ സജ്ജരാക്കുന്ന പ്രസ്തുത പ്രക്രിയയിൽ സ്വയം സമർപ്പിക്കുന്ന പ്രവർത്തനമാണ് ഈ യജ്ഞം. പതിനായിരങ്ങൾ സമൂഹത്തിൽ ചരിത്രത്തിൽ സ്ഥാനം പിടിപ്പിക്കുവാൻ കാരണമായ നമ്മുടെ വിദ്യാലയത്തിന്റെ സുരക്ഷിതത്വം നമ്മുടെ കൈയിലാണ്. മാതൃകാപരമായ നേതൃത്വവും പെരുമാറ്റവും ഈ യജ്ഞത്തിൽ മുതൽക്കൂട്ടാണ്. ഇതിനെല്ലാം ഉപകരിക്കുവാൻ ഈ വികസനരേഖ ഉപകാരപ്പെടട്ടെ. നിർദ്ദേശങ്ങൾക്കും സഹകരണങ്ങൾക്കും നന്ദി.

എന്ന്

ശ്രീ. സാജു. സി. [illegible]

(പ്രിൻസിപ്പൽ)

St. John's Syrian Higher Secondary School
Oliyappuram P. O
Koothattukulam
Pin: 686662
Vadakara

Bmoli

ശ്രീമതി. ബിന്ദുമോൾ പി.എബ്രഹാം

(ഹെഡ്മിസ്ട്രസ്സ്)

... ... AHAM
HEADMISTRESS
ST. JOHN'S SYRIAN H.S.S.
VADAKARA, OLIYAPPURAM P.O.
KOOTHATTUKULAM